II ഇ.ബി.XIV-കേരള നിയമസഭ/XI-9

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 19, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

27 (*241) നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, നാളികേര കൃഷിയുടെ സമഗ്ര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കിവരുന്ന 'കേരഗ്രാമം' പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി 3980 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും 10 പ്രാദേശികതല തെങ്ങിൻതൈ നഴ്സറികൾ ആരംഭിച്ച് കേരഗ്രാമങ്ങളിൽ മേൽത്തരം തെങ്ങിൻതൈകളുടെ ലഭ്യത

ഉറപ്പുവരുത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഉല്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്നവ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുമായി 1315.65 ലക്ഷം രൂപയുടെ പദ്ധതിയും നടീൽ മുതൽ കേരോല്പന്നങ്ങളുടെ വിപണനം വരെയുള്ള ഘട്ടങ്ങളിലെ ക്രിയാത്മകമായ പ്രവർത്തനത്തിനായി "കേരള കോക്കനട്ട് മിഷൻ" എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. KIIFB-യുടെ സഹായത്തോടെ കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കുത്താളിയിലും നാളികേര പാർക്കുകളും പാലക്കാട് ജില്ലയിൽ നീരയുടെ ടെട്രാ പാക്ക് യൂണിറ്റും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ സമിതി സമർപ്പിച്ച സ്റ്റാൻഡേർഡൈസേഷൻ റിപ്പോർട്ടിന് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. മായം കലർന്ന വെളിച്ചെണ്ണയുടെ വരവ് തടയുന്നതിന് രജിസ്ട്രേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടി കർശനമാക്കുമെന്നും കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറിയുടെ സംസ്കരണശേഷി വിർദ്ധിപ്പിക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണെന്നും

കൊപ്ര ഇറക്കുമതിയിൽ നിയന്ത്രണമേർപ്പെടുത്തുന്ന കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ആവശ്യഘട്ടത്തിൽ നാളികേര സംഭരണം പുനരാരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. നാളികേരാധിഷ്ഠിത വ്യവസായത്തിന്റെ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് ഒരു അന്താരാഷ്ട്ര വർക്ക്ഷോപ്പ് കോഴിക്കോട് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും തെങ്ങുകയറ്റക്കാർക്കുള്ള പരിശീലനത്തിനും മറ്റുമായി തുക വകയിരുത്തിയിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം 4819 തെങ്ങുകയറ്റയന്ത്രങ്ങൾ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും കാലവർഷക്കെടുതിമൂലമുള്ള കൃഷിനാശത്തിന് 103 കോടി രൂപയുടെ സഹായം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

28 (*242) <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക പൊതുശ്മശാനം</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, കിഫ്ബി ധനസഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും

ഇതിലുള്ള തടസ്സങ്ങൾ ഒഴിവാക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാനും സർക്കാർ മുൻകയ്യെടുക്കുന്നതാണെന്നും ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്യാസധിഷ്ഠിത ശ്മശാനം സ്ഥാപിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും കുറഞ്ഞത് 25 സെന്റ് സ്ഥലമെങ്കിലും ഇതിന് ആവശ്യമായിവരും. ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഭൂഗർഭ ശ്മശാനം നിർമ്മിക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്ന് അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ വില നിർണ്ണയിക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതാണെന്നും ആധുനിക ശ്മശാനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള ആർക്കിടെക്റ്റുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ആർപ്പൂക്കര പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് കോട്ടയം മെഡിക്കൽ കോളേജിന്റെ സ്ഥലം

വിട്ടുകൊടുക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി അറിയിച്ചു.

29 (*243) <u>ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്</u>

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജനകീയാസൂത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്കായി 'കില'-യുടെ ആഭിമുഖ്യത്തിൽ വിവിധ പരിശീലന പരിപാടികൾ നടപ്പാക്കുന്നുണ്ടെന്നും ഇതിനായി 'ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്' രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. കിലയെ തദ്ദേശ ഭരണത്തിന്റെ വിജ്ഞാന കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി ഫാക്കൽറ്റി അംഗങ്ങൾക്ക് ഹൊറിസോണ്ടൽ ലേണിംഗ് പ്രോഗ്രാം ഉൾപ്പെടെയുള്ള പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള അക്കാദമിഷ്യൻമാരെയും സ്ഥാപനങ്ങളെയും ഫാക്കൽറ്റിയായി കൊണ്ടുവരുന്നതിനും ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ ഹബ്ബ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മികച്ച സേവനം

സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുകയും സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 146 ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടെ വികസന പ്രവർത്തനങ്ങൾക്കും പുരോഗതിക്കുമായി വിനിയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3020 മുതൽ 3350 വരെയുള്ള ചോദ്യങ്ങളിൽ 80 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)